

വിശകലനം

# യു.പി.എ ബജറ്റ്: സന്തുലനത്തിന്റെ സൂത്രം

വി.എം ഹസനുൽ ബന്ന

**ആഗോള മാന്ദ്യത്തിനിടയിലും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ യു.പി.എ പിടിച്ചുനിർത്തിയത് പൊതുമേഖലയുടെ ബലത്തിലായിരുന്നുവെന്നത് അവിതർക്കിതമാണ്. എന്നിട്ടും പൊതുമേഖല വിറ്റഴിക്കാനുള്ള ആഗോളവൽക്കരണ അജണ്ടയിൽനിന്ന് യു.പി.എ പിന്നോട്ടു പോയിട്ടില്ലെന്നതിന്റെ തെളിവാണ് പൊതുമേഖലാസ്ഥാപനങ്ങളുടെ ജനകീയ ഉടമസ്ഥതയെന്ന പുതിയ സൂത്രം.**

**ആഗോള** സാമ്പത്തിക മാന്ദ്യത്തിനും ആഭ്യന്തര ധനക്കമ്മിക്കുമിടയിലാണ് ഇത്തവണത്തെ കേന്ദ്ര ബജറ്റ് പ്രണബ് കുമാർ മുഖർജി അവതരിപ്പിക്കുന്നത്. പാർലമെന്റിൽ അവതരിപ്പിച്ച സാമ്പത്തിക സർവേയുമായി ബന്ധമില്ലെന്ന് ഒറ്റ നോട്ടത്തിൽ തോന്നിപ്പിക്കുന്ന തരത്തിൽ തന്ത്രപരമായിരുന്നു ഇത്തവണത്തെ ബജറ്റ് അവതരണം. ഉദാരവൽക്കരണ നിർദേശങ്ങൾക്ക് ജനകീയതയുടെ മേലുടുപ്പ് ചാർത്തി ആർക്കും അധികഭാരം അടിച്ചേൽപിക്കാതിരിക്കാൻ ധനമന്ത്രി കാണിച്ച ചെപ്പടിവിദ്യക്ക് എത്ര കാലത്തെ ആയുസുണ്ടാകുമെന്നതാണ് രാജ്യം ഉയർത്തുന്ന ചോദ്യം.

തൊഴിലില്ലായ്മ കുറച്ചുകൊണ്ടുവരുന്നതിനോ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനോ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ എടുക്കാതെ ജനപ്രിയ പദ്ധതികൾക്ക് മുൻഗണന നൽകി ഉദാരവൽക്കരണ പരിപാടികളെ മറച്ചുവെക്കുകയാണ് ഇത്തവണത്തെ ബജറ്റ്. ഉദാരവൽക്കരണത്തിന്റെ രൂക്ഷമായ കെടുതികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദരിദ്രരെയും കർഷകരെയും സാധാരണക്കാരെയും പാർശ്വവൽകൃതരെയും ബജറ്റിലെ ഇടക്കാലാശ്വാസം കൊണ്ടു സമാശ്വസിപ്പിക്കാനാണ് ശ്രമം. ഉദാരവൽക്കരണത്തിന്റെ ഗുണഭോക്താക്കളെയും ഇരകളെയും സന്തുല

## ന്യൂനപക്ഷങ്ങൾക്ക് മതിയായ പരിഗണന

**യു.പി.എ** സർക്കാർ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം സ്ഥാപിച്ചത് രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളിൽ വഴിത്തിരിവുണ്ടാക്കിയ സംഭവമായിരുന്നു. ഇപ്പോൾ മന്ത്രാലയത്തിന് അനുവദിച്ച തുകയിൽ യു.പി.എ സർക്കാർ വരുത്തിയത് 740 കോടി രൂപയുടെ വർധനവാണ്. കേരളമടക്കമുള്ള ചില സംസ്ഥാന സർക്കാറുകളുടെ നിസ്സഹകരണം മൂലം പല ന്യൂനപക്ഷ പദ്ധതികളും നടപ്പാക്കാൻ കഴിയാതെ പോകുകയും കഴിഞ്ഞ ബജറ്റിൽ അനുവദിച്ച 350 കോടി രൂപ പാഴാകുകയും ചെയ്തു. എന്നിട്ടും ബജറ്റ് വിഹിതം വെട്ടിക്കുറക്കാതെ 1740 കോടിയാക്കി ഉയർത്തിയെന്നത് ചെറിയ കാര്യമല്ല. ന്യൂനപക്ഷ വിഭാഗങ്ങൾ പല മേഖലകളിലും പട്ടികജാതിക്കാരേക്കാൾ താഴെയാണെന്ന സച്ചാർ കമ്മിറ്റിയുടെ കണ്ടെത്തൽ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. സച്ചാർ കമ്മിറ്റിയുടെ ശിപാർശകൾ നടപ്പാക്കാനുള്ള ബോധപൂർവമായ ശ്രമം യു.പി.എയുടെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്നാണ് ബജറ്റ് ബോധ്യപ്പെടുത്തുന്നത്. പട്ടിക ജാതി പിന്നാക്കവിഭാഗങ്ങൾക്ക് വർഷങ്ങളായി നൽകിക്കൊണ്ടിരിക്കുന്ന പ്രീ മെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകളിൽനിന്ന് ന്യൂനപക്ഷ വിഹിതം വേർതിരിച്ച് ന്യൂനപക്ഷ മന്ത്രാലയത്തിന് കീഴിലാക്കി കഴിഞ്ഞ വർഷങ്ങളിൽ ന്യുനപക്ഷങ്ങൾക്ക് കാര്യക്ഷമമായി നൽകിത്തുടങ്ങിയത് യു.പി.എയുടെ ശ്രദ്ധേയമായ ചുവടു വെപ്പായിരുന്നു. ബി.ജെ.പി ഭരിക്കുന്ന ചില സംസ്ഥാനങ്ങൾ കാണിച്ച വിമുഖതയും കേരളമടക്കമുള്ള ചില സംസ്ഥാനങ്ങൾ വരുത്തിയ വീഴ്ചകളുമൊഴിച്ചാൽ രാജ്യവ്യാപകമായി ഗുണാത്മകമായ പ്രതികരണമാണ് അതിന് ലഭിച്ചത്. എൻ.ഡി.എയുടെ കൂടെയുണ്ടായിരുന്ന നിതീഷ്കുമാറിന്റെ ബീഹാർ ആണ് ആന്ധ്രപ്രദേശ് കഴിഞ്ഞാൽ ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ഏറ്റവും കാര്യക്ഷമമായി നടപ്പാക്കുന്ന സംസ്ഥാനം. ബി.ജെ.പി എതിർക്കുമ്പോഴും മധ്യപ്രദേശിലെ ബി.ജെ.പി സർക്കാർ പദ്ധതി ഏറക്കുറെ ഭംഗിയായി നടപ്പാക്കുന്നത് പദ്ധതിയുടെ വിജയത്തെയാണ് കാണിക്കുന്നത്. പ്രീമെട്രിക്കിന്റെ തുക ഇരട്ടിയിലേറെ വർധിപ്പിച്ച് 71.90 കോടിയിൽ നിന്ന് 180 കോടിയാക്കിയും പോസ്റ്റ് മെട്രിക്കിന്റേത് 89 കോടിയിൽ നിന്ന് 135 കോടിയുമാക്കി ഉയർത്തി. അതേസമയം പ്രഫഷണൽ, ടെക്നിക്കൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള മെറിറ്റ് കം മീൻസ് സ്കോളർഷിപ്പ് തുകയുടെ വിഹിതം 90 കോടിയാക്കി കുറച്ചിരിക്കുകയാണ്. ചില സംസ്ഥാനങ്ങൾ വിദ്യാർഥികളിൽ നിന്ന് അപേക്ഷ സ്വീകരിക്കാത്തതു മൂലം കഴിഞ്ഞ ബജറ്റിൽ 112.40 കോടി അനുവദിച്ചിട്ടും 58.44 കോടി രൂപ മാത്രമാണ് വിനിയോഗിച്ചിരുന്നത്.

പട്ടികജാതിക്കാർക്ക് മാത്രം നടപ്പാക്കിയിരുന്ന മറ്റൊരു പദ്ധതി കൂടി ഇത്തവണ ന്യൂനപക്ഷങ്ങൾക്ക് ലഭിച്ചു. പട്ടിക ജാതി വിദ്യാർഥികൾക്കുള്ള രാജീവ്ഗാന്ധി ഫെലോഷിപ്പിൻെറ തനിപ്പകർപ്പാണ് ഈ വർഷം പുതുതായി വിഭാവനം ചെയ്ത 13.50 കോടി രൂപയുടെ നാഷനൽ മൈനോറിറ്റി ഫെലോഷിപ്പ്. എം.ഫിലിനും പി.എച്ച്.ഡിക്കും രജിസ്റ്റർ ചെയ്ത ന്യൂനപക്ഷ വിദ്യാർഥികൾക്ക് ഗവേഷണത്തിന് വർഷംതോറും ഒന്നര ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ സാമ്പത്തിക സഹായം ലഭിക്കുന്ന പദ്ധതിയുടെ ഗുണഫലം രാജ്യത്തെ 552 മുസ്‌ലിം, 96 ക്രിസ്ത്യൻ, 75 സിഖ്, 33 ബുദ്ധ വിദ്യാർഥികൾക്ക് വർഷം തോറും ലഭിക്കും.

നത്തോടെ സമീപിച്ചുള്ള യു.പി.എയുടെ വികസന പരീക്ഷണം സുസ്ഥിരമാകുമോയെന്ന് കാലം തെളിയിക്കും.

### ഇനി 'ജനകീയ' ഉദാരവൽക്കരണം

ജനകീയ പങ്കാളിത്ത സമീപനമെന്ന ആകർഷകമായ ആഗോളവൽക്കരണ സൂത്രത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിന് പ്രയോജനപ്പെടുത്തുമെന്ന പ്രഖ്യാപനം മതി ബജറ്റിന്റെ മാനുഷികമുഖത്താൽ മറക്കപ്പെട്ട ഒളിയജണ്ടയെന്തെന്ന് മനസിലാക്കാൻ.

പങ്കാളിത്ത വികസനം, പങ്കാളിത്ത പരിപാലനം തുടങ്ങിയ സംജ്ഞകളിലൂടെ ആഗോളധനകാര്യ സ്ഥാപനങ്ങളുടെ ഉദാരവൽക്കരണ അജണ്ടകൾ ഇറക്കുമതി ചെയ്തതു പോലെ 'പങ്കാളിത്ത ദേശസാൽക്കരണം' ആരംഭിച്ച് പൊതുമേഖലകളൊന്നാകെ സ്വകാര്യവൽക്കരിക്കാനാണ് പദ്ധതി. ഇത്രയും വ്യക്തമാക്കിയ ശേഷമാണ് ബാങ്കുകളും ഇൻഷൂറൻസ് മേഖലകളും പൊതുമേഖലയിൽ നിലനിർത്തുമെന്നും മൽസരത്തിൽ പിടിച്ചുനിൽക്കാൻ അവക്ക് സർക്കാർ പൂർണ പിന്തുണ നൽകുമെന്ന വിരുദ്ധോക്തിയും ബജറ്റ് പ്രകടിപ്പിക്കുന്നത്.

ആഗോള മാന്ദ്യത്തിനിടയിലും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ യു.പി.എ പിടിച്ചുനിർത്തിയത് പൊതുമേഖലയുടെ ബലത്തിലായിരുന്നുവെന്നത് അവിതർക്കിതമാണ്. എന്നിട്ടും പൊതുമേഖല വിറ്റഴിക്കാനുള്ള ആഗോളവൽക്കരണ അജണ്ടയിൽനിന്ന് യു.പി.എ പിന്നോട്ടു പോയിട്ടില്ലെന്നതിന്റെ തെളിവാണ് പൊതുമേഖലാസ്ഥാപനങ്ങളുടെ ജനകീയ ഉടമസ്ഥതയെന്ന പുതിയ സൂത്രം. പൊതുമേഖലാ സ്ഥാപനങ്ങളുടെ 51 ശതമാനം ഓഹരികൾ സർക്കാർ ഉടമസ്ഥതയിൽ നിലനിർത്തി നിലവിൽ യു.പി.എ തുടരുന്ന നയവുമായി മുന്നോട്ടു പോകുമെന്നാണ് ധനമന്ത്രി പറഞ്ഞിരിക്കുന്നത്. പൊതുമേഖലാ ഓഹരികൾ വിറ്റഴിക്കുന്ന പദ്ധതിയെ ജനകീയ പങ്കാളിത്തത്തോടെ പ്രോത്സാഹിപ്പിക്കുമെന്ന് സാരം.

ഉന്നതവിദ്യാഭ്യാസത്തിന് പലിശ സബ്സിഡിയോടെ നൽകുന്ന വിദ്യാഭ്യാസ വായ്പക്കുള്ള പുതിയ പദ്ധതിയും വർണക്കടലാസിൽ പൊതിഞ്ഞ ഉദാരവൽക്കരണ മിഠായിയാണ്. ഇതോടെ ദുർബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർഥികൾക്ക് സൗജന്യ വിദ്യാഭ്യാസത്തിനുള്ള വഴി എന്നെന്നേക്കുമായി അടയും. മുഴുവൻ ബി.പി.എൽ കുടുംബങ്ങളെയും ആരോഗ്യ ഇൻഷൂറൻസ് പദ്ധതിക്ക് കീഴിൽ കൊ

ന്യൂനപക്ഷങ്ങൾക്ക് സ്വയം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന ദേശീയ ന്യൂനപക്ഷ വികസന കോർപറേഷനുള്ള മൂലധന നിക്ഷേപം 67.50 കോടിയിൽ നിന്ന് 112.5 കോടിയാക്കിയാണ് ഇത്തവണ ഉയർത്തിയത്. കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച തുക കോർപറേഷൻ ഫലപ്രദമായി വിനിയോഗിച്ചിരുന്നു.

ഈ വർഷം ന്യൂനപക്ഷ മന്ത്രാലയത്തിന് കീഴിൽ തുക വകയിരുത്തിയ ശ്രദ്ധേയമായ ഒരിനമാണ് ന്യൂനപക്ഷ സ്ത്രീകളുടെ നേതൃത്വ വികാസത്തിനുള്ള 7.2 കോടിയുടെ പദ്ധതി. കഴിഞ്ഞ ബജറ്റിൽ വനിതാ ശിശുക്ഷേമ മന്ത്രാലയത്തിൽ നിന്ന് വേർപ്പെടുത്തി ന്യൂനപക്ഷ മന്ത്രാലയത്തിലേക്ക് പുതിയ മുഖം നൽകി പറിച്ചുനട്ട പദ്ധതിയാണിത്. കഴിഞ്ഞ തവണത്തേക്കാൾ തുക ഇരട്ടിപ്പിക്കുകയും ചെയ്തു. വ്യക്തിപരമായ കഴിവുകൾ വികസിപ്പിച്ചും നേതൃത്വ പരിശീലനം നൽകിയും മുസ്‌ലിം സ്ത്രീകളുടെ ഉന്നമനം ഇത് ലക്ഷ്യമാക്കുന്നു.

വഖഫ് സംരക്ഷണത്തിനുള്ള മുറവിളി ഇത്തവണ കേന്ദ്ര സർക്കാർ പരിഗണിച്ചു. വഖഫ് കാര്യങ്ങൾക്കുള്ള സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഒമ്പത് കോടിയുടെ പുതിയ പദ്ധതിക്കാണ് ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന വഖഫ് ബോർഡുകൾ കമ്പ്യൂട്ടർവൽക്കരിച്ച് രേഖകൾ മുഴുവൻ സംരക്ഷിച്ച് കേന്ദ്ര വഖഫ് കൗൺസിലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**ന്യൂനപക്ഷ മന്ത്രാലയത്തിന് കീഴിൽ തുക വകയിരുത്തിയ ശ്രദ്ധേയമായ ഒരിനമാണ് ന്യൂനപക്ഷ സ്ത്രീകളുടെ നേതൃത്വ വികാസത്തിനുള്ള 7.2 കോടിയുടെ പദ്ധതി. കഴിഞ്ഞ ബജറ്റിൽ വനിതാ ശിശുക്ഷേമ മന്ത്രാലയത്തിൽ നിന്ന് വേർപ്പെടുത്തി ന്യൂനപക്ഷ മന്ത്രാലയത്തിലേക്ക് പുതിയ മുഖം നൽകി പറിച്ചുനട്ട പദ്ധതിയാണിത്.**

മാനവവിഭവശേഷി മന്ത്രാലയവും ന്യൂനപക്ഷ വിദ്യാഭ്യാസത്തിനായി 100 കോടിയിലേറെ വകയിരുത്തി. മലപ്പുറത്തെയും മുർഷിദാബാദിലെയും അലീഗഢ് കാമ്പസുകൾക്ക് 25 കോടി വീതം അനുവദിച്ച മാനവവിഭവശേഷി മന്ത്രാലയത്തിന്റെ വകയായി മദ്റസാ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനുള്ള 50 കോടി രൂപയുടെ എസ്.പി.ക്യു.ഇ.എം (Schemes for Providing Quality Education in Madrasa) പദ്ധതിയും ന്യൂനപക്ഷ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള 4.5 കോടി രൂപയുടെ ഐ.ഡി.എം.ഐ (Infrastructure Development in Minority Institutions) പദ്ധതിയും ന്യൂനപക്ഷങ്ങൾക്ക് മാത്രമായുണ്ട്.

നാഷനൽ കൗൺസിൽ ഫോർ ഉർദു ഫൗണ്ടേഷനുള്ള 17.10 കോടിയുടെ കഴിഞ്ഞ ബജറ്റിലെ അതേ വിഹിതം നിലനിർത്തി. ഹിന്ദി സംസാരിക്കാത്ത മേഖലകളിൽ ഹിന്ദി അധ്യാപകരെ നിയമിക്കാൻ വകയിരുത്തിയ 14 കോടിയുടെ പദ്ധതിയിൽ ഉർദു സംസാരിക്കുന്നവർ തിങ്ങിത്താമസിക്കുന്ന മേഖലകളിൽ ഉർദു ഭാഷാ അധ്യാപകരെ നിയമിക്കുന്നതിനുള്ള വിഹിതവുമുണ്ടാകും. ഹജ്ജിനുള്ള 620 കോടിയുടെ യാത്രാ സബ്സിഡിയും ചെലവിലേക്കുള്ള ആറു കോടിയും അതേപടി നിലനിർത്തിയിട്ടുണ്ട്. ■

ണ്ടുവരുന്നതോടെ ആരോഗ്യ സംരക്ഷണവും സ്റ്റേറ്റിന്റെ പരിധിക്ക് പുറത്താകും.

കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും പ്രതിരോധാവശ്യങ്ങളുടെ കാര്യത്തിൽ 'ഉദാര'വൽക്കരണമാണ് യു.പി.എക്ക്. ഇക്കുറി ബജറ്റിൽ പ്രതിരോധാവശ്യങ്ങൾക്ക് നീക്കിവെച്ചിരിക്കുന്നത് 1,41,703 കോടി രൂപയാണ്.

## ഭക്ഷ്യസുരക്ഷയും തൊഴിലുറപ്പും

ഉദാരവൽക്കരണ മന്ത്രങ്ങൾക്കിടയിലും രാജ്യത്തെ അടിസ്ഥാന വർഗത്തെ പരിഗണിക്കാതെ മുന്നോട്ട് പോകാനാവില്ലെന്ന തിരിച്ചറിവ് കോൺഗ്രസ്സിനും യു.പി.എക്കുമുണ്ടായത് അൽപമെങ്കിലും ആശ്വാസകരമാണ്. അടിസ്ഥാന വർഗത്തെ പ്രതിനിധീകരിക്കുന്ന ഇടതുപക്ഷ കക്ഷികൾ അടിത്തറ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന വർത്തമാനസാഹചര്യത്തിൽ വിശേഷിച്ചും. ഭക്ഷ്യ സുരക്ഷക്ക് പ്രത്യേകമായി 'ദേശീയ ഭക്ഷ്യ സുരക്ഷിതത്വ നിയമം'കൊണ്ടുവരുമെന്ന പ്രഖ്യാപനവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(എൻ.ആർ.ഇ.ജി.പി)ക്ക് നൽകിയ മുന്തിയ പരിഗണനയുമാണ് 2009-10 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിന് ഉദാരവൽക്കരണ അജണ്ടകളോടൊപ്പം മാനുഷിക മുഖം കൂടി നൽകുന്നതിൽ നിർണായക പങ്കു വഹിച്ചത്. ഇടതുപക്ഷ കക്ഷികൾ ഇവ രണ്ടും സ്വാഗതം ചെയ്തതും ശ്രദ്ധേയമാണ്. ലാൽഗഢിനും സിംഗൂരിനും നന്ദിഗ്രാമിനും റയിൽവെ ബജറ്റിൽ മമത പ്രാതിനിധ്യം നൽകിയതും ഉദ്ദിഷ്ട കാര്യത്തിന്റെ ഉപകാരസ്മരണയായിരുന്നല്ലോ. പതിറ്റാണ്ടുകളായി ഇടതുപക്ഷത്തെ പിന്തുണച്ചുകൊണ്ടിരുന്നവർ പോലും അവരെ കൈയൊഴിഞ്ഞ് തങ്ങളെ വരിച്ചതിന്റെ അടിസ്ഥാന കാരണം യു.പി.എ മന്ത്രിസഭയിൽ നന്നായറിയുന്നത് റയിൽവെ മന്ത്രി മമതയെപ്പോലെ ധനമന്ത്രി പ്രണബ് മുഖർജിക്കാണ്.

രാജ്യത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു മാസം 25 കിലോ അരിയോ ഗോതമ്പോ മൂന്നു രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള നിയമ നിർമാണം നടത്തുമെന്നാണ് ബജറ്റ് പ്രഖ്യാപനം. നിയമത്തിന്റെ കരട് ഉടൻ തയാറാക്കി പൊതു ചർച്ചകൾക്കും കൂടിയാലോചനകൾക്കുമായി ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം പ്രസിദ്ധീകരിക്കും. ഭക്ഷ്യ സുരക്ഷാ നിയമത്തെ പിന്തുണച്ച സി.പി.ഐ ജനറൽ സെക്രട്ടറി എ.ബി ബർദാൻ ബി.പി.എൽ-എ.പി.എൽ തരംതിരിവില്ലാതെ പ

# കേരളത്തിന് നഷ്ടക്കച്ചവടം

**റെയിൽവെ** ബജറ്റിൽ മലബാറിന്റെ കാര്യത്തിൽ സംഭവിച്ചതാണ് യഥാർഥത്തിൽ കേന്ദ്രബജറ്റിൽ കേരളം അനുഭവിച്ചത്. നേരത്തെ കേന്ദ്രസർക്കാർ തത്ത്വത്തിൽ അംഗീകരിച്ച മലപ്പുറത്തെ അലീഗഢ് കാമ്പസിനുള്ള 25 കോടിയല്ലാതെ കേരളത്തിന് പുതുതായി ഒന്നും നൽകാതിരുന്ന കേന്ദ്ര ബജറ്റ് കേരളത്തിലെ പരമ്പരാഗത ചെറുകിട വ്യവസായമേഖലയെയും വാണിജ്യമേഖലയെയും ഉദാരവൽക്കരണ പരിഷ്ക്കാരങ്ങൾക്ക് കാത്തിരുന്ന വൻവ്യവസായികളെയും ഒരു പോലെ നിരാശപ്പെടുത്തി.

ആയുർവേദസ്ഥാപനങ്ങൾക്കും ആയുർവേദത്തിന്റെ പൊതുവായ വികസനത്തിനും മറ്റു സംസ്ഥാനങ്ങൾക്ക് വിഹിതം നൽകിയപ്പോൾ കേരളത്തിന് വട്ടപ്പൂജ്യമായി. പശ്ചിമ ബംഗാളിലെയും തമിഴ്നാട്ടിലെയും കൈത്തറി വികസനത്തിന് മുന്തിയ പരിഗണന നൽകിയ ബജറ്റ് കേരളത്തിന്റെ കൈത്തറി മേഖലയെ മൊത്തമായി അവഗണിച്ചു.

പൊതുമേഖലക്ക് പരമ്പരാഗതമായി കിട്ടുന്ന വിഹിതവും ഇത്തവണയില്ല. 600ലേറെ കോടി രൂപയുടെ കുറവാണ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചുള്ളത്.

കൊച്ചി കപ്പൽ നിർമാണ ശാലയുടെ 1,120 കോടി രൂപക്കുള്ള ഓഹരികൾ വിൽക്കാനുള്ള തീരുമാനം കേരളത്തിന്റെ പൊതുമേഖലക്കേറ്റ കനത്ത തിരിച്ചടിയാണ്. ഓഹരി വിൽപനക്ക് തെരഞ്ഞെടുത്തിരിക്കുന്ന രാജ്യത്തെ ആറു കമ്പനികളിൽ ഒന്നാണ് കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ്. കപ്പൽ ശാലയുടെ ഓഹരി വിൽപനയും കൊച്ചിയിലെ പ്രത്യേക സാമ്പത്തിക മേഖലക്ക് 5.04 കോടി അനുവദിച്ചതുമാണ് കേരളത്തിലെ ഉദാരവൽക്കരണക്കാർക്കുള്ള ആശ്വാസം.

കൊച്ചിൻ ഷിപ്പ്യാർഡിനുള്ള തുകയിൽ വൻ കുറവാണുണ്ടായിരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ 474 കോടി വകയിരുത്തിയിരുന്ന സ്ഥാനത്ത് ഇപ്രാവശ്യം അനുവദിച്ചത് 180.21 കോടി മാത്രം.

120 കോടിയുടെ സബ്സിഡി നിലനിർത്തിയപ്പോൾ കപ്പൽ നിർമാണത്തിനുള്ള നിക്ഷേപമായി കഴിഞ്ഞ ബജറ്റിൽ അനുവദിച്ച 354 കോടി രൂപ 60.21 കോടിയാക്കി വെട്ടിക്കുറച്ചു.

വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് നിക്ഷേപമായി കഴിഞ്ഞ വർഷം നൽകിയ 546.44 കോടി കുത്തനെ കുറച്ച് 57.07 കോടിയാക്കി.

കഴിഞ്ഞ വർഷം 255.65 കോടി കിട്ടിയ കൊച്ചിൻ പോർട്ട് ട്രസ്റ്റിന് വിവിധയിനങ്ങളിലായി ഈ വർഷം കിട്ടിയത് 191.97 കോടിയുടെ ബജറ്റ് വിഹിതം. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 63.68 കോടിയുടെ കുറവ്. തുറമുഖത്തിന്റെ ആഴം കൂട്ടുന്നതിനുള്ള തുക 40 കോടിയിൽ നിന്ന് 99.97 കോടിയാക്കി ഉയർത്തിയപ്പോൾ വല്ലാർപാടം റെയിൽ പാത നിർമാണത്തിന്റെ വിഹിതം 100 കോടിയിൽ നിന്ന് 45 കോടിയാക്കി. പൊതുമേഖലാസ്ഥാപനങ്ങൾക്കുള്ള നിക്ഷേപത്തുകയായി പോർട്ട് ട്രസ്റ്റിന് കഴിഞ്ഞ പ്രാവശ്യം അനുവദിച്ച 131.83 കോടി രൂപക്ക് പകരം ഇത്തവണ 47 കോടി മാത്രം.

തുമ്പയിലെ വിക്രം സാരാഭായ് സ്പേസ് സെന്ററിനുള്ള കഴിഞ്ഞ വർഷത്തെ 494.69 കോടി ഇത്തവണ 613.42 കോടിയാക്കി ഉയർത്തിയിട്ടുണ്ട്. ട്രാവൻകൂർ ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസിന്റെ നിക്ഷേപത്തിലുമുണ്ട് വർധന. ഇത് 13 കോടിയിൽ നിന്ന് 34 കോടിയാക്കി ഉയർത്തി.

അതേസമയം കേരളത്തിനും പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നതാണ് കേന്ദ്രത്തിലെ ചില ബോർഡുകൾക്കുള്ള വിഹിതത്തിലുള്ള വർധന. ബോർഡുകളുടെ നടത്തിപ്പല്ലാതെ കർഷകർക്ക് പ്രയോജനപ്രദമായ പദ്ധതികൾ ഇവയിലില്ല. തേയില ബോർഡിന്റെ വിഹിതം 88.75 കോടിയിൽ നിന്ന് 95 കോടിയായി ഉയർത്തിയപ്പോൾ തേയില വികസന ഫണ്ട് 10.74 കോടിയിൽ നിന്ന് 4.06 കോടിയായി കുറയുകയാണ് ചെയ്തത്. റബർ ബോർഡിന്റെ വിഹിതം 99.25 കോടിയിൽ നിന്ന് 105 കോടിയായും, കാപ്പി ബോർഡിന്റേത് 122 കോടിയിൽ നിന്ന് 153.28 കോടിയായും, സുഗന്ധ വ്യഞ്ജന ബോർഡിന്റേത് 46 കോടിയിൽ നിന്ന് 56 കോടിയായും ഉയർത്തി. മറൈൻ ഫിഷറീസിന് 134.80 കോടി അനുവദിച്ചതും ഗുണം ചെയ്തേക്കുമെന്ന നേരിയ പ്രതീക്ഷയും കേരളത്തിനുണ്ട്.

കേരളത്തിന്റെ സമ്പദ്ഘടനയുടെ നെടുംതൂണായ പ്രവാസികൾക്കുള്ള പദ്ധതികൾ ഒന്നും വിഭാവനം ചെയ്യാതിരുന്ന ബജറ്റ് കൊട്ടിഘോഷിച്ച പ്രവാസി പാക്കേജിന് തുക വകയിരുത്തിയതുമില്ല. ആഗോള സാമ്പത്തികമാന്ദ്യത്തെ തുടർന്ന് അഞ്ചു ലക്ഷം പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുമെന്ന് പ്രവാസി മന്ത്രാലയം നേരത്തെ കണക്ക് കൂട്ടിയിരുന്നു. ഇവർക്ക് പ്രവാസി പാക്കേജ് പ്രഖ്യാപിക്കുമെന്നും ഇത്തരം പ്രതിസന്ധികളെ നേരിടാൻ പാകത്തിൽ പ്രവാസി ക്ഷേമനിധി രൂപവൽക്കരിക്കുമെന്നും പ്രതീക്ഷിച്ചതായിരുന്നു.

പ്രവാസി മന്ത്രാലയത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് ആകെക്കൂടി അനുവദിച്ചിരിക്കുന്നത് 80 കോടി രൂപയാണ്. കഴിഞ്ഞ ബജറ്റിൽ 65 കോടി അനുവദിച്ചെങ്കിലും അതിൽ 45 കോടി രൂപ മാത്രമേ വിനിയോഗിച്ചുള്ളൂ. കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് ഇത്തവണ 15 കോടി മന്ത്രാലയത്തിന് കൂടുതൽ അനുവദിച്ചെങ്കിലും അവയിലേറെയും പോയത് മരാമത്ത് പ്രവൃത്തികൾക്കാണ്.

ഐ.ഐ.ടികളും ഐ.ഐഎമ്മുകളും ഇക്കുറിയും കേരളത്തിനില്ല. ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്ത്യയിലെ അഞ്ച് 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആന്റ് റിസർച്ചു'കൾക്ക് വകയിരുത്തിയ 215 കോടിയിൽ നിന്നുള്ള ഒരു വിഹിതം തിരുവനന്തപുരത്തിനും ലഭിക്കും. ■

---

ദ്ധതി നടപ്പാക്കണമെന്നും രാജ്യത്തെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ ഇതുപയോഗിക്കണമെന്നുമുള്ള നിർദേശം മുന്നോട്ടു വെച്ചിട്ടുണ്ട്.

യു.പി.എ സർക്കാറിനെ വീണ്ടും അധികാരത്തിലെത്തിച്ച നിമിത്തങ്ങളിൽ പ്രധാനമായിരുന്നു ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി. 39,100 കോടി രൂപ പദ്ധതിക്കായി ഇത്തവണ വകയിരുത്തി. ഉൽപാദനക്ഷമമായ കൂടുതൽ മേഖലകളിലേക്ക് തിരിച്ചുവിടുന്നതിന് കൂടിയാണ് ബജറ്റിൽ 144 ശതമാനത്തിന്റെ വർധന ഇക്കുറി തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയത്. ഒന്നാം ഘട്ടമെന്ന നിലയിൽ രാജ്യത്തെ 115 ജില്ലകളെ തെരഞ്ഞെടുത്ത് കൃഷി, വനം, ജലവിഭവം, ഭൂവിഭവങ്ങൾ, ഗ്രാമീണ റോഡുകൾ എന്നിവ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും.

അതോടെ ഗുണഭോക്താക്കളുടെ എണ്ണത്തിൽ ക്രമാതീതമായ വർധനയുണ്ടാകുമെന്ന് യു.പി.എ കണക്കുകൂട്ടുന്നു. വിജയകരമെന്ന് കണ്ടാൽ അടുത്ത വർഷം മുതൽ വൈവിധ്യമാർന്ന മേഖലകളിലേക്ക് തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുമെന്ന് ധനമന്ത്രി പറയുന്നു. ഇതു കൂടാതെയാണ് തൊഴിലാളിക്കുള്ള പ്രതിദിന വേതനം 100 രൂപയായി ഉയർത്തിയിരിക്കുന്നത്.

കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതിയുടെ ഗുണഫലം അനുഭവിച്ച കുടുംബങ്ങളുടെ എണ്ണം 4.47 കോടിയാണ്. ആദ്യ വർഷത്തെ അപേക്ഷിച്ച് 1.08 കോടി കുടുംബങ്ങളുടെ വർധനവാണ് ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടായിരിക്കുന്നത്.

## പാർശ്വവൽകൃതരുടെ പ്രതീക്ഷ

ദരിദ്രവിഭാഗങ്ങളോടൊപ്പം സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ, പട്ടികജാതി വിഭാഗങ്ങൾ തുടങ്ങിയ പാർശ്വവൽകൃത വിഭാഗങ്ങളെയും നന്നായി പരിഗണിച്ച ബജറ്റ് ആദിവാസികളുടെ അടിസ്ഥാനപ്രശ്നങ്ങളെ വിസ്മരിച്ചത് പോരായ്മയായി.

40 ശതമാനത്തിലേറെ പട്ടികജാതി വിഭാഗങ്ങൾ അധിവസിക്കുന്ന രാജ്യത്തെ 71,400 ഗ്രാമങ്ങളുടെ അടിസ്ഥാന വികസനത്തിന് എന്ന് ബജറ്റിൽ പറയുന്ന (ധനമന്ത്രിയുടെ പ്രസംഗത്തിൽ പറയുന്നത് 50 ശതമാനത്തിലേറെ പട്ടികജാതിക്കാർ താമസിക്കുന്ന 44,000 ഗ്രാമങ്ങളുടെ എന്നാണ്) 'പ്രധാൻമന്ത്രി ആദർശ് ഗ്രാം യോജന' പദ്ധതി, വികസനം തിരിഞ്ഞുനോക്കാത്ത പട്ടിക ജാതി കോളനികൾക്ക് ഏറെ സഹായകരമാകും. പ്രാഥമികമായി പദ്ധതിക്ക് 100 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെങ്കിലും ഇത്തരം ഗ്രാമങ്ങളിലെ അടിയന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഓരോ ഗ്രാമത്തിനും ലക്ഷം രൂപ വീതം പുറമെ അനുവദിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

ഇതു കൂടാതെ പട്ടിക ജാതിക്കാർക്കുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഗവേഷണ ഫെലോഷിപ്പുകൾ തുടങ്ങി വർഷങ്ങളായി തുടരുന്ന പട്ടികജാതി ക്ഷേമ പദ്ധതികൾക്ക് 1667 കോടി രൂപ വേറെയും വകയിരുത്തിയിട്ടുണ്ട്.

ന്യൂനപക്ഷങ്ങൾ, പട്ടികജാതിക്കാർ, ആദിവാസികൾ എന്നിവരിൽ പ്രത്യേകമൂന്നി ദേശീയ വനിതാ സാക്ഷരതാ പദ്ധതിക്ക് തുടക്കമിടാനുള്ള തീരുമാനം മൂന്ന് വർഷം കൊണ്ട് സ്ത്രീ നിരക്ഷരത പകുതി കണ്ട് കുറക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

അടുത്ത അഞ്ചു വർഷം കൊണ്ട് 50 ശതമാനം ഗ്രാമീണ സ്ത്രീകളെ 'സ്വയം സഹായ സംഘ'ങ്ങളിൽ അംഗങ്ങളാക്കുന്നതിനും ഇത്രയും സംഘങ്ങൾക്ക് 'ബാങ്ക് ലിങ്കേജ്'നൽകുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു.

**ഉദാരവൽക്കരണ മന്ത്രങ്ങൾക്കിടയിലും രാജ്യത്തെ അടിസ്ഥാന വർഗത്തെ പരിഗണിക്കാതെ മുന്നോട്ട് പോകാനാവില്ലെന്ന തിരിച്ചറിവ് കോൺഗ്രസ്സിനും യു.പി.എക്കുമുണ്ടായത് അൽപമെങ്കിലും ആശ്വാസകരമാണ്. അടിസ്ഥാന വർഗത്തെ പ്രതിനിധീകരിക്കുന്ന ഇടതുപക്ഷ കക്ഷികൾ അടിത്തറ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്ന വർത്തമാനസാഹചര്യത്തിൽ വിശേഷിച്ചും.**

ദരിദ്ര സ്ത്രീകളുടെ മൈക്രോ ഫൈനാൻസ് പദ്ധതികൾക്ക് സഹായം നൽകുന്ന 'രാഷ്ട്രീയ മഹിളാ കോശി'നുള്ള വിഹിതം 100 കോടിയിൽ നിന്ന് അഞ്ചിരട്ടിയാക്കി 500 കോടിയാക്കി ഉയർത്തി. മുസ്‌ലിം സ്ത്രീകളെ നേതൃനിരയിലേക്ക് കൊണ്ടുവരാനുള്ള പദ്ധതിയുടെ ലക്ഷ്യവും സ്ത്രീശാക്തീകരണമാണ്.

ഗ്രാമ-നഗരങ്ങൾ തമ്മിലുള്ള വികസന അന്തരം കുറക്കുന്നതിന് ആവിഷ്ക്കരിച്ച ആറിന ഭാരത് നിർമാൺ പദ്ധതിയിൽപ്പെട്ട 'പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന'(ഗ്രാമീണ റോഡുകൾ)ക്കുള്ള വിഹിതം 59 ശതമാനവും 'രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന' (ഗ്രാമീണ വൈദ്യുത) പദ്ധതിയുടെ വിഹിതം 27 ശതമാനവും വർധിപ്പിച്ചു.

'ഇന്ദിരാ ആവാസ് യോജന'ക്കുള്ള വിഹിതം 63 ശതമാനമാണുയർത്തിയത്.

## കർഷകർക്കുള്ള കടാശ്വാസം

കർഷകർക്ക് മിതമായ വിലയ്ക്ക് വളം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് ഏറ്റവും പ്രധാനം. സബ്സിഡി കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിലൂടെയാണ് ഇത് സാധ്യമാക്കുക. കർഷകവായ്പകൾ 2,87,000ൽ നിന്ന് 3,25,000 കോടിയാക്കി കൂട്ടാനുള്ള തീരുമാനത്തിന്റെ വിജയം ബാങ്കുകൾ പ്രയോഗവൽക്കരിക്കുന്നതിനെ ആശ്രയിച്ചിരിക്കും. രണ്ട് ഹെക്ടറിൽ കൂടുതൽ കൃഷിഭൂമിയുള്ള കർഷകരുടെ വായ്പാ കുടിശ്ശികയുടെ 75 ശതമാനം അടച്ചു തീർക്കാനുള്ള സമയപരിധി ഈ വർഷം ഡിസംബർ 31 വരെ നീട്ടി. മഹാരാഷ്ട്രയിൽ സ്വകാര്യ പണമിടപാടുകാരിൽ നിന്ന് വായ്പയെടുത്ത് കടാശ്വാസത്തിന്റെ പരിധിയിൽ വരാത്ത കർഷകരെ ഉൾപ്പെടുത്തുന്നത് പഠിക്കാൻ ഒരു ടാസ്ക് ഫോഴ്സ് രൂപവൽക്കരിക്കും. ഹ്രസ്വകാല വിളകൾക്ക് മൂന്നു ലക്ഷം രൂപ വരെ ആറു ശതമാനം പലിശ നിരക്കിൽ കർഷകർക്ക് ഇനി വായ്പ ലഭിക്കും. ഇപ്പോൾ ഏഴു ശതമാനത്തിനാണ് വായ്പ ലഭിക്കുന്നത്. എടുക്കുന്ന വായ്പ തവണ തെറ്റാതെ തിരിച്ചടച്ചാൽ ഒരു ശതമാനം ഇളവും നൽകും. ഇതിന് 411 കോടി രൂപ ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്. ■